## കൊച്ചിയിലെ മെട്രോ റെയിൽവേ

105 (3314) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ മെട്രോ റെയിൽവേ സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ അതിന്റെ അലൈൻമെന്റ് തീരുമാനിച്ചുവോ ;

(സി) ഇത് സ്ഥാപിക്കുന്നതിന് എന്ത് ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) കൊച്ചി നഗരത്തിൽ മെട്രോ റെയിൽ സ്ഥാപിക്കുന്നത് പരിഗണിക്കുന്നതിനായി വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ ഒന്നാം ഘട്ടം മാത്രമാണ് വിഭാവനം ചെയ്തിട്ടുള്ളത്. കളമശ്ശേരി മുതൽ തൃപ്പൂണിത്തുറ വരെ.

(സി) ഏകദേശം 2400 കോടി രൂപ ചെലവു വരുമെന്നാണു പ്രതീക്ഷ.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

106 (3315) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്ന സ്ഥാപനം നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) എം.എൽ.എ.-മാർക്കും മറ്റ് ജനപ്രതിനിധികൾക്കും ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിച്ച പ്രയോജനങ്ങൾ വിശദമാക്കുമോ ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവിപരിപാടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾക്ക് എന്തുതുക ചെലവായി ; നിലവിൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട് ;

(ഇ) നടപ്പുവർഷത്തിലും അടുത്ത സാമ്പത്തിക വർഷത്തിലും ഇൻസ്റ്റിറ്റ്യൂട്ടിനായി ബഡ്ജറ്റിൽ എന്തുതുകയാണ് വകയിരുത്തിയിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

### ഉത്തരം

(എ) ഭരണപരവും ജനാധിപത്യപരവുമായി പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനം, ഗവേഷണം, പരിശീലനം, എന്നിവ പരിപോഷിപ്പിക്കുക പാർലമെന്ററികാര്യ പ്രവർത്തനങ്ങളിൽ ആരോഗ്യകരമായ കീഴ്‌വഴക്കങ്ങളെ സംബന്ധിച്ച് അവബോധനവും പ്രചരണവും നടത്തുകവഴി ആശയസംപുഷ്ടിയുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നീ ലക്ഷ്യങ്ങളോടെയുള്ള പ്രവർത്തനങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്ന സ്ഥാപനം നടത്തിവരുന്നത്.

(ബി) എം.എൽ.എ.-മാർക്കായി ഒരു ഇന്റർ ആക്ടീവ് സെഷൻ കഴിഞ്ഞ വർഷം സംഘടിപ്പിക്കുകയുണ്ടായി.

(സി) പാർലമെന്ററി ഗേറ്റ്‌വേയിലെ പതിനൊന്ന് സ്കീമുകൾക്കൊപ്പം (അനുബന്ധം കാണുക) താഴെ പറയുന്ന പുതിയ പരിപാടികൾ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട് :

1. അഷ്വറൻസ് ഇംപ്ളിമെന്റേഷൻ ഡസ്ക്
2. നെറ്റ് വർക്കിംഗ് ഓഫ് പാർലമെന്ററി ഇൻസ്റ്റിറ്റ്യൂഷൻസ്
3. പാർലമെന്റേറിയൻസ് ഓഫ് കേരള-പോർട്രെയിറ്റ് ഗ്യാലറി
4. ഇംപാക്ട് അസ്സെസ്മെന്റ്.

(ഡി) ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾക്ക് 1,09,43,806 രൂപ ചെലവാക്കിയിട്ടുണ്ട്. ഇതുവരെ സ്ഥിരം നിയമനങ്ങൾ നടത്തിയിട്ടില്ല. സെക്രട്ടേറിയറ്റിലെ പാർലമെന്ററികാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത്.

(ഇ) നടപ്പുവർഷത്തിൽ 1,80,00,000 രൂപയും (ഒരു കോടി എൺപതുലക്ഷം) അടുത്ത സാമ്പത്തിക വർഷത്തിൽ 1,00,00,000 രൂപ (ഒരു കോടി രൂപ)യുമാണ് പാർലമെന്ററി കാര്യവകുപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

### കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തുന്നവരുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കാൻ നടപടി

107 (3316) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതു ജലാശയങ്ങൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നതിന് പുതുതായി എന്തെങ്കിലും നിയന്ത്രണമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly